**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 976** **29-08-2022 - ൽ മറുപടിയ്ക്ക്**

**ആഗോള താപനത്തെ ചെറുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആഗോള താപനത്തെ ചെറുക്കുന്നതിന് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രവൃത്തികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ആഗോളതാപനത്തെ ചെറുക്കുന്നതിനും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുമായി ഓരോ വർഷവും വൃക്ഷത്തൈകൾ ഉദ്പാദിപ്പിച്ച് ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് തുടങ്ങി വനമഹോത്സവ പരിപടികൾ അവസാനിക്കുന്നത് വരെ സ്കൂളുകൾ, കോളേജുകൾ,വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സർക്കാരിതര സ്ഥാപനങ്ങൾ, മത സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ എന്നിവ വഴി നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാവനം, നഗരവനം, വൃക്ഷസമൃദ്ധി പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരതരണൽ, സ്വകാര്യ ഭൂമിയിൽ വൃക്ഷം നട്ട് വളർത്തുന്നതിന് പ്രോത്സാഹന ധന സഹായം, കാവുകളുടേയും കണ്ടലുകളുടേയും സംരക്ഷണം തുടങ്ങിയ പ്രവർത്തികൾ വനം വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ ജില്ലയിൽ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>1. വനത്തിനു പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയുടെ കീഴിൽ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തിരം അവ നടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2. വഴിയരികിൽ തണൽ വിരിക്കുന്നതിനായി വഴിയോര തണൽ എന്ന പദ്ധതിയുടെ കീഴിൽ ഈ വർഷം വെളിയനാട്, പട്ടണക്കാട്, അമ്പലപ്പുഴ ബ്ലോക്കുകളിലെ വിവിധ സ്ഥലങ്ങളിൽ തൈകൾ നട്ടുപരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>3. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി 8 സ്കൂളുകളിൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് ഈ വർഷം 35000 വലിയ കൂടതൈകൾ നട്ടുപരിപാലിക്കുന്നതിനുള്ള സ്വീകരിച്ചു വരുന്നുണ്ട്.<br><br>4. ചെറുവനങ്ങളുടെ മാതൃകയിൽ 13 സ്കൂളുകളിൽ വൃക്ഷം നടുന്നതിന്റെ ഭാഗമായി 5 സെന്റ് സ്ഥലത്ത് വീതം വിദ്യാവനം നട്ടുപരിപാലിച്ചു വരുന്നു.<br><br>5. വനേതര ഭൂമിയിൽ വനവത്ക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി വൃക്ഷസമൃദ്ധി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>6. കടൽതീരത്ത് ഹരിതകവചം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി ചേർത്തല നിയോജകമണ്ഡലത്തിലെ അർത്തുങ്കൽ പ്രദേശത്ത് 70000 കാറ്റാടി തൈകൾ നട്ടുപരിപാലിച്ചു വരുന്നുണ്ട്. കൂടാതെ ആലപ്പുഴ നിയോജക മണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെ 28000 കാറ്റാടി തൈകളും നട്ടുപരിപാലിച്ചിട്ടുണ്ട്.<br><br>7. സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്ന ഭൂവുടമകൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ, കണ്ടൽ വളർത്തുന്നവർക്ക് പ്രോത്സാഹന ധനഹായം നൽകൽ, എന്നിവ നടത്തി വരുന്നു.<br><br>8. കാവ് സംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന 5 കാവ് ഉടമകൾക്ക് വർഷം തോറും ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ